MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.CI/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്
2026 നവംബർ 16

ഉന്നതവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ സർവകലാശാല സമൂഹം ഒറ്റക്കെട്ടായി നിലകൊള്ളണം: പ്രൊഫ. അച്യുത്ശങ്കർ എസ്. നായർ

കോട്ടയം: പൊതുസർവകലാശാലകളുടെ മികവും പ്രസക്തിയും സംരക്ഷിക്കാൻ അധ്യാപകസമൂഹം ഒറ്റക്കെട്ടായി നിലകൊള്ളണമെന്ന് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. അച്യുത്ശങ്കർ എസ്. നായർ അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവകലാശാലയിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അഞ്ചുദിവസത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിൽ അക്കാദമിക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സാങ്കേതികവിദ്യയുടെ വളർച്ചയും സ്വകാര്യ, ഡീംഡ് സർവകലാശാലകളുടെ കടന്നുവരവും പൊതുസർവകലാശാലകൾക്ക് വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ അധ്യാപകരുടെയും അക്കാദമിക സമൂഹത്തിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഇവയെ നേരിടണം. വിദ്യാഭ്യാസ പരിഷ്കാരങ്ങളെ രാഷ്ട്രീയ നേട്ടങ്ങൾക്കുള്ള ഉപാധിയായി കാണരുത്. പൊതുകലാലയങ്ങളുടെ നിലവാരം ഇടിയുകയാണെന്ന പ്രതീതി സൃഷ്ടിക്കുന്നതിന് പകരം അവയുടെ നേട്ടങ്ങളും സാധ്യതകളും ഉയർത്തിക്കാട്ടണമെന്നും അദ്ദേഹം പറഞ്ഞു.

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നടപ്പാക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സവിശേഷതകൾ അദ്ദേഹം ചൂണ്ടിക്കാട്ടി. മൂന്നുവർഷത്തിനുശേഷമുള്ള എക്സിറ്റ്, നാലുവർഷ ഓണേഴ്സ് ബിരുദം, ഗവേഷണത്തോടെയുള്ള ഓണേഴ്സ് ബിരുദം എന്നിവ വിദ്യാർഥികൾക്ക് വ്യത്യസ്ത പഠന-ഗവേഷണ സാധ്യതകൾ തുറന്ന് നൽകുന്നു. മേജർ, മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരവും ഇതിന്റെ പ്രത്യേകതയാണ്. പുതിയ പഠനപരിപാടികൾ ആരംഭിക്കുന്നതിനേക്കാൾ നിലവിലുള്ളവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. അക്കാദമിക പ്രവർത്തനങ്ങളിൽ നിർമിത ബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്

എല്ലാ കോളേജുകളിലും എ.ഐ പഠനവിഭാഗങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ കലാലയങ്ങളിലേക്ക് ആഗോള അക്കാദമിക സമൂഹത്തെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 'കേരള ക്യാമ്പസ് ഡെവേഴ്സിറ്റി മിഷൻ' (കെ.സി.ഡി.എം) രൂപീകരിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ലക്ഷ്യമിടുന്നതായും അദ്ദേഹം വ്യക്തമാക്കി. വിദേശ വിദ്യാർഥികളെ കേരളത്തിലെ ക്യാമ്പസുകളിലേക്ക് ആകർഷിക്കുന്നതിനും അവർക്കായി സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

ലോകത്തിന്റെ സമസ്ത മേഖലകളും കാലാനുസൃതമായ പരിഷ്കാരങ്ങൾക്ക് വിധേയമാകുമ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയും അതിനനുസരിച്ച് മാറേണ്ടതുണ്ടെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കവെ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അഭിപ്രായപ്പെട്ടു. സാങ്കേതികവിദ്യയുടെ വളർച്ചയും, അക്കാദമിക മുന്നേറ്റവും സർവകലാശാലകളുടെ പ്രവർത്തനരീതികളിലും ഭരണസംവിധാനങ്ങളിലും മാറ്റം ആവശ്യപ്പെടുന്നുണ്ട്. പൊതുസർവകലാശാലകൾ കാലത്തിനൊത്ത് സ്വയം നവീകരിക്കുകയും മാറ്റങ്ങളോട് വേഗത്തിൽ പ്രതികരിക്കുകയും വേണം. പഴയ രീതികൾ കണ്ണടച്ച് പിന്തുടരുന്നതിന് പകരം ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളാനും ആശയവിനിമയരീതികൾ കൂടുതൽ ലളിതവും ഫലപ്രദവുമാക്കാനും തയ്യാറാകണം. സർവകലാശാലാ പ്രവർത്തനരീതികളിൽ ഏകീകരണത്തോടൊപ്പം കാലാനുസൃതമായ മാറ്റങ്ങൾക്ക് കൂടി പ്രാധാന്യം നൽകണമെന്നും വൈസ് ചാൻസലർ കൂട്ടിച്ചേർത്തു.

'നാലുവർഷ ബിരുദ പ്രോഗ്രാം - ട്രാൻസ്ഫോർമേഷൻ ആൻഡ് ട്രാൻസിഷൻ ടു ദി ന്യൂ ഫ്ലെക്സിബിൾ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം എന്ന വിഷയത്തിൽ നവംബർ 20 വരെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യങ്ങളുമായി ചേർന്നുനിൽക്കുന്ന വിധത്തിൽ ഫലാധിഷ്ഠിത രീതികളിലേക്ക് പാഠ്യപദ്ധതിയെ മാറ്റിയെടുക്കാൻ അധ്യാപകരെ പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

ഉദ്ഘാടനച്ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം ഐസൺ വി. വഞ്ചിപുരക്കൽ സ്വാഗതവും രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് നന്ദിയും പറഞ്ഞു.

ഫോട്ടോ:

1. *ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്യുന്നു. സിൻഡിക്കേറ്റ് അംഗം ഐസൺ വി.*

വഞ്ചിപുരക്കൽ, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് എന്നിവർ സമീപം.

2. *കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. അച്യുത് ശങ്കർ എസ്. നായർ അക്കാദമിക പ്രഭാഷണം നടത്തുന്നു.*

പി.ആർ.ഒ/1029/2026

സുരക്ഷാ ജീവനക്കാർ, അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിൽ സുരക്ഷാ ജീവനക്കാരുടെ (താത്കാലിക ദിവസവേതനാടിസ്ഥാനത്തിൽ) നിയമനം നടത്തുന്നു. യോഗ്യത, അപേക്ഷിക്കേണ്ട രീതി തുടങ്ങിയ വിവരങ്ങൾക്ക് www.mgu.ac.in ഫോൺ - 0481 2733541.
പി.ആർ.ഒ/1030/2026

പ്രാക്ടിക്കൽ

നവംബർ 23 മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എംഎഫ്എ (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പ്രാക്ടിക്കൽ നവംബർ 19 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ എംസിഎ (2025 അഡ്മിഷൻ റഗുലർ, 2023, 2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020-2022 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
പി.ആർ.ഒ/1031/2026

പരീക്ഷാ ഫലം

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻഡ് സ്പോർട്സ് (2023 അഡ്മിഷൻ റഗുലർ, 2018-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ്,2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും നവംബർ 28 വരെ ഓൺലൈനായി അപേക്ഷിക്കാം.
പി.ആർ.ഒ/1032/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി, ബികോം എൽഎൽബി (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ, 2019-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി, ബിഎ എൽഎൽബി, ബികോം എൽഎൽബി (ഓണേഴ്സ്) 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷകൾക്ക് നവംബർ 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 27 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 28 വരെയും അപേക്ഷ സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബിബിഎ, ബിസിഎ, ബിവോക് (ഓണേഴ്സ്) (2026 അഡ്മിഷൻ റഗുലർ, 2025 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീഅപ്പിയറൻസും) ഒന്നാം സെമസ്റ്റർ ബിബിഎ, ബിസിഎ (ഓണേഴ്സ്) (2024 അഡ്മിഷൻ റീഅപ്പിയറൻസ്) ഡിസംബർ 2026 പരീക്ഷകൾക്ക് നവംബർ 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 30 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 1 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/1033/2026

പബ്ലിക് റിലേഷൻസ് ഓഫീസർ